പഠനഷീറ്റ് 6

# ക്രിസ്തുവിന്റെ സഭയുടെ ഘടന എന്തായിരുന്നു?

## I. ക്രിസ്തുവിന്റെ സഭയിലെ ഔദ്യോഗിക പദവികൾ എന്തെല്ലാം?

1. യേശു സഭയുടെ ———————— ആകുന്നു. എംഫ. 5:25
2. അടിസ്ഥാനത്തിൽ ———————— ഉം ————————. എഫെ. 2:20
3. അവൻ ചിലരെ ——————, ——————, ——————, ————————, ഉം ————————. എഫെ. 4:11

## II. ഈ ഔദ്യോഗിക പദവികളുടെ ഉദ്ദേശം ———————————————————————————, ———————————————————. എഫെ. 4:12, 13

## III. ഈ ഔദ്യോഗിക പദവികളുടെ ഉത്തരവാദിത്വം എന്തെല്ലാമായിരുന്നു?

1. യേശു അതിന്റെ ————————. യാക്കൊ. 4:12; പ്രവൃത്തികൾ 3:23, 24
2. അപ്പൊസ്തലന്മാർ ആളുകളെ യേശു കല്പിച്ചതൊക്കെയും ———————— ഉപദേശിക്കണം. മത്താ. 28:20
3. ഉപദേശം വെളിപ്പെടുത്തിയതു ———————— ക്കും ————————. എഫെ. 3:3–5
4. സഭ ———————— ടെ ഉപദേശത്തിൽ തുടർന്നു വന്നു. പ്രവൃത്തികൾ 2:42
5. മൂപ്പന്മാർ ദൈവത്തിന്റെ ———————— (ഗ്രീക്ക്, *പോയിമായിനോ,* ഇടയൻ, പാലകൻ) അവയെ ————————. 1 പത്രൊ. 5:1, 2
6. പൗലൊസ് ———————— വിളിച്ചു (പ്രവൃത്തികൾ 20:17) അവരോടു ———————— (*പോയിമായിനോ*) അവരെ ———————— ആക്കിവെച്ച (*എപിസ്കോപോസ്*, അദ്ധ്യക്ഷന്മാർ). പ്രവൃത്തികൾ 20:28
7. സുവിശേഷകൻമാർ വചനം ———————— യിരുന്നു. 2 തിമൊ. 4:2, 5
8. ഉപദേഷ്ടാക്കന്മാർ മറ്റുള്ളവരെ ———————— യിരുന്നു. 2 തിമൊ. 2:2
9. സഭയിൽ ———————— ഉണ്ടായിരുന്നു (*ഡയാക്കൊനോസ്*, ശുശ്രൂഷിക്കുന്നവർ). 1 തിമൊ. 3:8
10. സഭായോഗങ്ങളിൽ സ്ത്രീകൾ ———————— യിരിക്കണം.

1 കൊരി. 14:34, 35; 1 തിമൊ. 2:10–12


11. അംഗങ്ങൾ അവർക്കു മുകളിലുള്ളവർക്കു ——————————. എബ്രാ. 13:17

## IV. സഭയിൽ മേൽനോട്ടം (മൂപ്പന്മാർ, ഇടയന്മാർ) എത്രയുണ്ടായിരുന്നു?

1. —————————— രെ ഓരോ ഇടവകയിലും നിയമിച്ചിരുന്നു. പ്രവൃത്തികൾ 14:23; തിത്തൊ. 1:5
2. ഈ ഇടവകകൾക്ക് ——————————. പ്രവൃത്തികൾ 15:2; 20:17; ഫിലി. 1:1

## V. ഈ ഔദ്യോഗിക പദവികളിൽ സേവനം ചെയ്യുന്നതിനു മുൻപു ഒരാൾക്കു നിശ്ചിതയോഗ്യതകൾ ഉണ്ടാകേണ്ടതുണ്ടോ?

1. അപ്പൊസ്തലന്മാർ —————— പ്രവൃത്തികൾ 1:21, 22
2. മൂപ്പന്മാർ —————— 1 തിമൊ. 3:1–7; തിത്തൊ. 1:5–9
3. ശുശ്രൂഷകന്മാർ —————— 1 തിമൊ. 3:8–13
4. സുവിശേഷകന്മാർ —————— 2 തിമൊ. 2:24, 25
5. ഉപദേഷ്ടാക്കന്മാർ —————— 1 പത്രൊ. 4:11




**പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.**

പഠനഷീറ്റ് അവതരണം:

6

# “ക്രിസ്തുവിന്റെ സഭയുടെ ഘടന എന്തായിരുന്നു?”

“ക്രിസ്തുവിന്റെ സഭയുടെ ഘടന എന്തായിരുന്നു?” എന്ന പഠന ഷീറ്റ് “സഭ” എന്ന പഠനഷീറ്റിനു (പാഠം 5) ശേഷം ഉപയോഗിക്കുന്നതാണ് ഉചിതം. പഠിക്കുന്ന ആൾ സുവിശേഷം അനുസരിക്കുവാൻ തയ്യാറായാൽ, ഒരാൾ “ലക്ഷ്യ സ്ഥാനം” എന്ന പഠന ഷീറ്റ് (പാഠം 8) “സംഘടന” എന്ന പഠന ഷീറ്റിനു മുൻപു ഉപയോഗിക്കുന്നതാണ് ഉചിതം.

**ഉദ്ദേശം**

“ഘടന” ഷീറ്റിന്റെ ഉദ്ദേശം സഭയുടെ ഘടനയെ പഠിക്കുകയാണ്, അത് യേശുവും അപ്പൊസ്തലന്മാരും സംഘടിപ്പിച്ചതു മനസ്സിലാക്കിയാൽ യേശുവിന്റെ അനുയായികൾ എങ്ങനെ സംഘടിക്കണം എന്നു നമുക്കു മനസ്സിലാക്കാം.

**പാഠം ചുരുക്കത്തിൽ**

സഭയുടെ തലയായ യേശു മാത്രമാണ് അതിന്റെ ഏക നിയമ നിർമ്മാണ സഭ എന്നു കാണിക്കുന്നതാണ് ഈ പഠനഷീറ്റ്. മറ്റുള്ളവർ യേശുവിന്റെ വചനം അറിയേണ്ടതിനു, തന്റെ പ്രത്യേക പ്രതിനിധികളായിരുന്ന അപ്പൊസ്തലന്മാരെയാണ് ഭരമേല്പിച്ചിരുന്നത്. ഈ വചന പ്രകാരം ഇടവകയെ നയിക്കേണ്ടതു മൂപ്പന്മാരായിരുന്നു. സുവിശേഷകന്മാരും ശുശ്രൂഷകന്മാരും മൂപ്പന്മാരെ സഹായിക്കുകയും, യേശുവിന്റെ ഇഷ്ടം ആളുകളിൽ എത്തിക്കുവാൻ ഇടവക നായകന്മാരെ അനുസരിച്ചു പോകണം.

**മുഖവുര**

[ഈ പാഠം ചുരുക്കമായി പരിചയപ്പെടുത്തിയാൽ ഫലപ്രദവും കഴിവുറ്റതുമാക്കുവാൻ സംഘടന സുപ്രധാനമെന്നതാണ്. സഭയുടെ സംഘടനക്കുവേണ്ട ഏർപ്പാട് യേശു ചെയ്തിരുന്നു. യേശുവിന്റെ അനുയാ

യികൾ ആകകൊണ്ടു നാം ഘടനയെ സംബന്ധിച്ചു അവന്റെ പദ്ധതികൾ ആണ് ആവിഷ്ക്കരിക്കേണ്ടത്.]

ഇന്നു സഭകൾ സംഘടിപ്പിക്കുന്നത് നിരവധി വ്യത്യസ്ത വഴികളിലാണ്. സാധാരണ ഈ സഭകളിൽ എഴുതിയുണ്ടാക്കുന്ന വിശ്വാസ പ്രമാണങ്ങളും ചില സ്ഥലങ്ങളിൽ പ്രാദേശിക ഇടവകകൾ നിയന്ത്രിക്കയും അവരുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്ന ഒരു ശക്തമായ ഭരണ സംവിധാനം ഉണ്ടാക്കും. ഇതായിരുന്നോ സഭയ്ക്കു യേശു പദ്ധതി ഒരുക്കിയത്?

## I. ഔദ്യോഗിക പദവികൾ

ഈ പാഠത്തിൽ, നാം ഔദ്യോഗിക പദവികളെ കുറിച്ചു സംസാരിക്കുമ്പോൾ, നാം അധികാരത്തെക്കുറിച്ചല്ല, മറിച്ചു ഉത്തരവാദിത്വങ്ങളെ കുറിച്ചാണ് സംസാരിക്കുന്നത്. ചിലതിൽ ഉദ്യോഗത്തിൽ തന്നെ അടങ്ങിയിരിക്കുന്നതാണ് അധികാരം, എന്നാൽ എല്ലാ ഉദ്യോഗങ്ങളിലും അല്ല താനും; എങ്ങനെയായാലും, എല്ലാ ഉദ്യോഗങ്ങളിലും ഉത്തരവാദിത്വങ്ങൾ ഉൾപ്പെടുന്നുണ്ട്.

1. നാം “സഭാ” പഠനഷീറ്റു (പാഠം 5) പഠിച്ചപ്പോൾ, സഭ യേശുവിന്റെ അധികാരത്തിൻ കീഴിലാണ് എന്നു നാം പഠിച്ചു. സഭയുടെ എന്താണ് യേശു? [എഫെ. 5: 23 വായിക്കുക.] അവൻ സഭയുടെ *എന്താ*കുന്നു? [വിട്ട വരിയിൽ “തല” എന്നെഴുതുക.]

2. ഒരു കെട്ടിടം പണിയുന്നതിനു മുൻപു അടിസ്ഥാനം ഇടും. അടിസ്ഥാനം കെട്ടിടത്തിനടിയിൽ *നിലകൊള്ളുന്നു*, കെട്ടിടത്തിന്റെ ബാക്കിയുള്ളതെല്ലാം അടിസ്ഥാനത്തിനുമുകളിലാണ്. സഭയുടെ അടിസ്ഥാനത്തിൽ ആരെല്ലാമാണുള്ളത്? [എഫെ. 2:20 വായിക്കുക.] ഇതിൽ യേശുവിനെ ചിത്രീകരിച്ചിരിക്കുന്നതു അടിസ്ഥാനത്തിന്റെ മൂലക്കല്ലായിട്ടാണ്. ഒരിക്കൽ മൂലക്കല്ലിട്ടാൽ, കെട്ടിടത്തിന്റെ ശേഷിച്ച ഭാഗം മൂലക്കല്ലുമായി ബന്ധപ്പെടുത്തിയാണ് പണിയുന്നത്. *ആരെല്ലാ*മാണ് അടിസ്ഥാനം? [വിട്ട വരികളിൽ “അപ്പൊസ്തലന്മാരും” “പ്രവാചകന്മാരും” എന്നെഴുതുക.] ഇവിടെ പറഞ്ഞിരിക്കുന്ന പ്രവാചകന്മാർ പഴയ നിയമ പ്രവാചകന്മാരല്ല, പുതിയ നിയമ പ്രവാചകന്മാരാണ്.

ഇതു നാം “സഭാ” പഠനഷീറ്റിൽ പഠിച്ചതിനു (പാഠം 5) വിപരീതമല്ല. ആ പാഠത്തിൽ യേശു *മാത്രമാണ്* സഭയുടെ അടിസ്ഥാനം എന്നു നാം പഠിച്ചു (1 കൊരി. 3:11). അവിടെ അപ്പൊസ്തലന്മാരാണ് അടിസ്ഥാനം ഇട്ടതും പണിതതും. ഇവിടെ പറയുന്നതു യേശുവാണ് അടിസ്ഥാനത്തിൽ, മൂലക്കല്ലായ, മുഖ്യപാറ എന്നാണ്. സഭയിൽ എല്ലാം യേശുവോടു ചേർന്നിരിക്കുന്നു, അപ്പൊസ്തലന്മാരടക്കം, കാരണം യേശു സ്വർഗ്ഗത്തിലേക്കു പോയതു മുതൽ അവരാണ് അവന്റെ പ്രതിനിധികൾ, അവരിലാണ് സഭ പണിയുന്നതും. അവർക്കു സഭയിൽ ഉള്ള പങ്ക് നാം പിന്നീടു പഠിക്കും.

3. എഫെസൊസ് സഭയ്ക്കു പൗലൊസ് എഴുതുമ്പോൾ പറയുന്ന ഔദ്യോഗിക പദവികൾ എന്തെല്ലാം? [എഫെ. 4:11 വായിക്കുക.] ഔദ്യോഗിക പദവികൾ *എന്തെല്ലാം?* [വിട്ട വരികളിൽ “അപ്പൊസ്തലന്മാർ,”

“പ്രവാചകന്മാർ,” “സുവിശേഷകന്മാർ,” “ഇടയന്മാർ,” എന്നും “ഉപദേഷ്ടാക്കന്മാർ” എന്നുമെഴുതുക.] അടുത്ത ഭാഗത്തു നാം ഈ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ പഠിക്കും.

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? യേശുവിന്റെ അധികാരത്തിൻ കീഴിൽ, സഭയുടെ തലക്കു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഔദ്യോഗിക പദവികൾ സഭയിൽ ഉണ്ട് എന്നു നാം പഠിച്ചു.

## II. ഔദ്യോഗിക പദവികളുടെ ഉദ്ദേശം

ഈ ഔദ്യോഗിക പദവികൾ സഭയിൽ വെച്ചിരിക്കുന്നതു ആ സേവനം നടത്തുന്നവരുടെ മഹത്വത്തിനായിട്ടല്ല. ആ ഔദ്യോഗിക പദവികൾ എന്തു നേട്ടമാണ് കൈവരിക്കുന്നത്? [എഫെ. 4:12, 13 വായിക്കുക.] *എന്തിനു*വേണ്ടിയാണ് ആ ഔദ്യോഗിക പദവികൾ വെച്ചിരിക്കുന്നത്? [വിട്ട വരിയിൽ “വിശുദ്ധന്മാരെ തികവുള്ളവരാക്കുവാൻ,” “ശുശ്രൂഷകൾ ചെയ്യുന്നതിനും,” “ശരീരത്തിന്റെ ആത്മിക വളർച്ചക്കും” എന്നെഴുതുക.] ഇവയെല്ലാം സേവന ഉത്തരവാദിത്വങ്ങൾ ആണെന്നോർക്കുക. ഈ പദവികളിലുള്ളവർ സഭയിലെ അംഗങ്ങളെ പക്വതയിലേക്കു വരുത്തുന്നതിനും, യേശുവിന്റെ സ്വഭാവത്തിലും മാതൃകയിലും അംഗങ്ങൾ വളരേണ്ടതിനുമത്രേ.

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? ഈ വിവിധ പദവികളിൽ സഭയ്ക്കുള്ളിൽ സേവനം നടത്തുന്നവർ സഭയെ വളർത്തുന്നതിനും സഭയെ പക്വതയിൽ എത്തിക്കയും വേണം.

## III. ഉത്തരവാദിത്വങ്ങൾ

ഈ വിവിധ ഉദ്യോഗങ്ങളിൽ സേവനം നടത്തുന്നവർ സഭയ്ക്കുള്ളിൽ അംഗങ്ങൾക്കു വളരുവാനും സഭയുടെ പ്രവൃത്തികൾക്കും പ്രയോജനപ്പെടണം.

1. എല്ലാ സംഘടനകൾക്കും മാർഗ്ഗരേഖകൾ ഉണ്ടായിരിക്കും. ആർ തീരുമാനിച്ച നിയമങ്ങളും പ്രമാണങ്ങളുമാണ് സഭ പിൻപറ്റേണ്ടത്? [യാക്കോബ് 4:12 ഉം പ്രവൃത്തികൾ 3:23, 24 ഉം വായിക്കുക.] തന്റെ ഔദ്യോഗികപദവിയായ സഭയുടെ തലയായി, യേശു *എന്താണ്*? [വിട്ട വരിയിൽ “നിയമദാതാവു” എന്നെഴുതുക.] സഭയ്ക്കു നിയമം നല്കുന്നവർ എത്രയുണ്ട്? സഭയ്ക്കു *ഒരു* നിയമകർത്താവേയുള്ളൂ. തന്റെ നിയമങ്ങളോടു ശരിയായി പ്രതികരിക്കാത്തവരെ അവൻ നശിപ്പിക്കും.

[*പുറകിൽ* പേജിനു മുകളിൽ ഒരു ബോക്സ് വരച്ചു അതിൽ “യേശു” എന്നെഴുതുക. നോക്കുക പേജ് 189.]

2. അപ്പൊസ്തലന്മാർക്കു നിയമ നിർമ്മാണാധികാരമോ, നിയമങ്ങളോ, ചട്ടങ്ങളോ, നിയമാവലികളോ ഉണ്ടാക്കുന്നതിനു അവകാശം ഉണ്ടായിരുന്നില്ല. അവരുടെ ഉത്തരവാദിത്വം എന്തായിരുന്നു? [മത്താ. 28:20 വായിക്കുക.] സഭയെ ഉപദേശിക്കുവാൻ അവർ *എന്തു* ചെയ്തു? [വിട്ട വരിയിൽ “ആചരിക്കുക” എന്നെഴുതുക.] ആളുകളിൽ നിയമങ്ങൾ അടിച്ചേല്പിക്കുവാൻ അവർക്കു അവകാശം ഇല്ലായിരുന്നു. അവരുടെ ഉത്തരവാദിത്വം യേശു അവരോടു ആളുകൾ അനുസരിപ്പാൻ ഉപദേശിപ്പാൻ

പറഞ്ഞതു ചെയ്യുകയായിരുന്നു.

3. താൻ പിതാവിങ്കലേക്കു ആരോഹണം ചെയ്തശേഷം താൻ പഠിപ്പിച്ച ഉപദേശം വെളിപ്പെടുത്തുവാൻ വിവിധ ആളുകളിൽ കൂടെയാണ് അവൻ പ്രവർത്തിച്ചത്. ആർക്കാണ് തന്റെ ഉപദേശം വെളിപ്പെടുത്തിയത്? [എഫെ. 3:3–5 വായിക്കുക.] അത് *ആർക്കാണ്* അവൻ വെളിപ്പെടുത്തിയത്? [വിട്ട വരികളിൽ "അപ്പൊസ്തലന്മാർക്കും" "പ്രവാചകന്മാർക്കും" എന്നെഴുതുക.]

4. പരിശുദ്ധാത്മാവു മുഖാന്തരം സകല സത്യവും അപ്പൊസ്തലന്മാർക്കു വെളിപ്പെടുത്തി കൊടുത്തു. അവർ സംസാരിച്ചപ്പോൾ, യേശുവിന്റെ കാര്യങ്ങളാണ് തങ്ങളെ കേട്ടവരോടു അറിയിച്ചത് (യോഹന്നാൻ 16:13–15). അപ്പൊസ്തലന്മാർ പഠിപ്പിച്ചതു, നാം, അനുസരിക്കുന്നുവെങ്കിൽ, വാസ്തവത്തിൽ, നാം അനുസരിക്കുന്നതു യേശുവിനെയാണ്. സഭയോടു പറഞ്ഞിരിക്കുന്നതു ആരുടെ ഉപദേശത്തിൽ തുടരുവാനാണ്? [പ്രവൃത്തികൾ 2:42 വായിക്കുക.] *ആരുടെ* ഉപദേശത്തിലാണ് അവർ തുടർന്നു വന്നിരുന്നത്? [വിട്ട വരിയിൽ "അപ്പൊസ്തലന്മാരുടെ" എന്നെഴുതുക.] അപ്പൊസ്തലന്മാർക്കു ആ ഉപദേശം യേശുവിൽ നിന്നാണ് ലഭിച്ചത്, അതുകൊണ്ടു അപ്പൊസ്തലന്മാരുടെ ഉപദേശത്തെ തുടരുന്നതു, അവർ യേശുവിന്റെ ഉപദേശത്തെ തുടരുന്നതിനു തുല്യമാണ്.

[*പുറകിൽ* "യേശു" എന്നതിന്റെ താഴെ ഒരു ബോക്സ് വരച്ചു അതിനകത്തു "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്നെഴുതുക. പിന്നെ "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്നതിനു അടിയിൽ നിരവധി ബോക്സുകൾ വരയ്ക്കുക. നോക്കുക പേജ് 189.] സഭകൾക്കു അപ്പൊസ്തലന്മാരോടും പ്രവാചകന്മാരോടും ഉത്തരവാദിത്വം ഉണ്ടായിരുന്നു കാരണം യേശു തന്റെ ഉപദേശങ്ങൾ അവർ മുഖാന്തരമാണ് നല്കിയത്.

5. സഭയ്ക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ പ്രാദേശിക ഇടവകയിലെ അംഗങ്ങൾക്കു അധികാരമില്ല. അവരുടെ ഉത്തരവാദിത്വം യേശുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ഇടവകകളെ നയിക്കുക എന്നതായിരുന്നു. ഈ മൂപ്പന്മാർ എന്നറിയപ്പെട്ടിരുന്നവർ, എന്തു ചെയ്യേണ്ടിയിരുന്നു? [1 പത്രൊ. 5:1, 2 വായിക്കുക.] കൂട്ടത്തെ അവർ *എന്തു* ചെയ്യേണ്ടിയിരുന്നു? [വിട്ട വരിയിൽ "മേയ്ക്കുക" എന്നെഴുതുക.] *പോയിമായിനോ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "മേയ്ക്കുക" എന്ന വാക്ക് വന്നതു അർത്ഥം തർജ്ജിമ ചെയ്യാവുന്നതു "ഇടയൻ" അല്ലെങ്കിൽ "അദ്ധ്യക്ഷൻ" എന്നാണ്. മൂപ്പന്മാർ ആണ് കൂട്ടത്തെ പാലിക്കേണ്ടത്. പിന്നെ*ന്താണ്* മൂപ്പന്മാർ ചെയ്യേണ്ടത്? [വിട്ട വരിയിൽ "മേൽനോട്ടം" വഹിക്കുക എന്നെഴുതുക.]

6. എഫെസൊസിലെ അദ്ധ്യക്ഷന്മാർക്കു പൗലൊസ് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അവരെ എന്തു വിളിച്ചിരുന്നു? [പ്രവൃത്തികൾ 20:17 വായിക്കുക.] സഭയിലെ നായകന്മാരെ പരാമർശിച്ചു *എന്തു* വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്? [വിട്ട വരിയിൽ "മൂപ്പന്മാർ" എന്നെഴുതുക.] അവരോടു എന്തു ചെയ്യുവാൻ പറഞ്ഞിരുന്നു? [പ്രവൃത്തികൾ 20:28 വായിക്കുക.] *എന്തെല്ലാം രണ്ടു കാര്യങ്ങളാണ്* അവർ ചെയ്യേണ്ടിയിരുന്നത്?

["മേയ്ക്കുക" യും "മേൽനോട്ടം" വഹിക്കുകയും എന്നെഴുതുക.]

ഇടവകകളുടെ അദ്ധ്യക്ഷന്മാർക്കു നല്കി ഉപയോഗിച്ചിട്ടുള്ള മൂന്നു പേരുകൾ ബഹുമതികൾ അല്ല, മറിച്ചു അവരുടെ ഔദ്യോഗിക പദവികളുടെ വിവരണമാണ്. "മൂപ്പന്മാർ" എന്നു പറയുവാൻ കാരണം അവരെ വിശ്വാസത്തിൽ പക്വതയുള്ളവരിൽ നിന്നും തിരഞ്ഞെടുത്തവരാണ്, അല്ലാതെ പുതിയ ക്രിസ്ത്യാനികൾ അല്ല. ഒരു സമൂഹത്തിലെ നേതാക്കന്മാരെ പൊതുവിൽ "മൂപ്പന്മാർ" എന്നു വിളിച്ചിരുന്നു. "മേയ്ക്കുക" എന്ന വാക്ക് (ഗ്രീക്ക് വാക്കായ *പോയിമായിനോ*യിൽ നിന്നു വന്നതാണ്) അർത്ഥം "ഇടയൻ" അല്ലെങ്കിൽ "പാലകൻ" എന്നതു ആട്ടിൻകൂട്ടത്തെ മൃദുവായി പാലിക്കുന്നവൻ എന്നരീതിയിലാണ്. "മേൽനോട്ടം വഹിക്കുന്നവൻ" "അദ്ധ്യക്ഷൻ" എന്നും പറയുന്നു (ഗ്രീക്കുവാക്കായ *എപിസ്ക്കോപോസ്*) എന്നതിൽ നിന്നു വന്നതും അർത്ഥം ഇടവകയുടെ കാര്യങ്ങൾ വഴികാട്ടുക എന്നതാണ്. ഇവ മൂന്നു വ്യത്യസ്ത ഔദ്യോഗിക പദവികൾ *അല്ല*, മറിച്ചു ഒരേ ഔദ്യോഗിക പദവിയെ മൂന്നു വ്യത്യസ്ത പേരുകളിൽ പറഞ്ഞിരിക്കുന്നതാണ്. [*പുറകിലെ* ശൂന്യമായ ബോക്സുകൾക്കുമുകളിൽ "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്നതിനുതാഴെയായി "മൂപ്പന്മാർ" എന്നെഴുതുക. നോക്കുക പേജ് 189.]

ഈ പുരുഷന്മാർ അവർ അംഗങ്ങളായ ഇടവകയിലെ ഇടയന്മാരും മേൽനോട്ടം നടത്തുന്നവരുമാണ്. അവർക്കു മാനുഷിക തലസ്ഥാനങ്ങൾ ഇല്ല, എന്നാൽ പകരം അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും കീഴിൽ, എന്നതു ക്രിസ്തുവിന്റെ കീഴിലാണ് അവർ എന്നാണ്. അവർ പ്രവർത്തിക്കുന്ന ഇടവകകൾക്കു വേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ അവർക്കു അധികാരം ഇല്ല. അവർ നിയമ നിർമ്മാതാക്കളല്ല, മറിച്ചു അദ്ധ്യക്ഷന്മാർ ആയിരുന്നു.

അവർ "*ദ* പ്രീച്ചർ" അല്ലെങ്കിൽ "*ദ* പാസ്റ്റർ" ആയിരുന്നില്ല. മൂപ്പന്മാരിൽ നിക്ഷിപ്തമായ ഇടവകയുടെ നായകത്വം മൂപ്പന്മാരുടെ കൈകളിൽ ആയിരുന്നു, അവരെ അദ്ധ്യക്ഷന്മാർ (മേൽനോട്ടം വഹിക്കുന്നവർ) ഇടയന്മാർ (പാലകന്മാർ) എന്നും അറിയപ്പെട്ടിരുന്നു.

7. മൂപ്പന്മാരുടെ നിർദ്ദേശം അനുസരിച്ചു അവർക്കു കീഴിൽ അവരെ സഹായിച്ച് യേശുവിന്റെ ഉപദേശം വ്യാപിപ്പിക്കുന്നവരായിരുന്നു, സുവിശേഷകന്മാർ. അവർക്കു പൗലൊസ് എന്തു നിർദ്ദേശങ്ങൾ ആയിരുന്നു നല്കിയത്? [2 തിമൊ. 4:2, 5 വായിക്കുക.] ഒരു സുവിശേഷകന്റെ പ്രവൃത്തി *എന്താണ്*? [വിട്ട വരിയിൽ "പ്രസംഗിക്കുക" എന്നെഴുതുക. *പുറകിലുള്ള* ചതുരങ്ങളിൽ "സുവിശേഷകന്മാർ" എന്നെഴുതുക. നോക്കുക പേജ് 189.] സുവിശേഷകന്മാർ *വചനം* പ്രസംഗിക്കേണ്ടവരായിരുന്നു. ക്രിസ്ത്യാനികൾക്കു പ്രസംഗിക്കുവാൻ *ഒരു* വചനം, സന്ദേശം മാത്രമാണുള്ളത്, ആ സന്ദേശം യേശു അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖാന്തരം നല്കി. സഭയ്ക്കുവേണ്ടി നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുവാൻ അവർക്കു അവകാശമില്ലായിരുന്നു. അവർ അറിയിക്കേണ്ടിയിരുന്ന സന്ദേശം യേശുവിൽ നിന്നുത്ഭവിച്ചതായിരുന്നു.

8. കൂടാതെ മൂപ്പന്മാർക്കു കീഴിൽ അവരുടെ നിർദ്ദേശപ്രകാരം സേവിക്കേണ്ടവരായിരുന്നോ ഉപദേഷ്ടാക്കന്മാർ? അവർ എന്തു ചെയ്യേണ്ടിയി

രുന്നു? [2 തിമൊ. 2:2 വായിക്കുക.] ഉപദേഷ്ടാക്കന്മാരുടെ ഉത്തരവാദിത്വം *എന്തായി*രുന്നു? [വിട്ട വരിയിൽ "ഉപദേശിക്കുക" എന്നെഴുതുക. *പുറകിലെ* ചതുരങ്ങളിൽ "ഉപദേഷ്ടാക്കന്മാർ" എന്നെഴുതുക. നോക്കുക പേജ് 189.] അവർ അപ്പൊസ്തലന്മാരിൽ നിന്നു പഠിച്ചതാണ് ഉപദേശിക്കേണ്ടിയിരുന്നത്, ഈ സംഭവത്തിൽ, അപ്പൊസ്തലനായ പൗലൊസിൽ നിന്നു പഠിച്ചത്. പൗലൊസിനു ഈ സന്ദേശം യേശുവിൽ നിന്നു പരിശുദ്ധാത്മാവു മുഖേനയാണ് ലഭിച്ചത് (എഫെ. 3:3-5). ഉപദേഷ്ടാക്കന്മാർ മറ്റുള്ളവർക്കു വേണ്ടി നിയമാവലികൾ ഉണ്ടാക്കുന്നതിനു പകരം യേശു അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും നല്കിയ സന്ദേശമാണ് ഉപദേശിക്കേണ്ടിയിരുന്നത്.

9. നായകത്വ ഉത്തരവാദിത്വങ്ങൾ ഇല്ലാത്ത മറ്റുള്ളവരും സഭയിൽ ഉണ്ടായിരുന്നു. ആരായിരുന്നു അവർ? [1 തിമൊ. 3:8 വായിക്കുക.] അവരെ *എന്തു* വിളിച്ചിരുന്നു? [വിട്ട വരിയിൽ "ശുശ്രൂഷകന്മാർ" എന്നു പൂരിപ്പിക്കുക. *പുറകിലെ* ചതുരങ്ങളിൽ "ശുശ്രൂഷകന്മാർ" എന്നെഴുതുക. നോക്കുക പേജ് 189.] ഡീക്കൺ എന്ന വാക്ക് ലിപി മാറ്റി എഴുതിയിരിക്കുന്നതു *ഡയാക്കനോസ്* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്. ഈ വാക്കിന്റെ അർത്ഥം ശുശ്രൂഷിക്കുക അല്ലെങ്കിൽ സേവിക്കുക എന്നാണ്. ഈ പുരുഷന്മാർക്കു മേൽനോട്ടം നടത്തുവാൻ അവകാശമില്ല, എന്നാൽ പകരം ഇടവകയിൽ മൂപ്പന്മാർ അവർക്കു ഏല്പിച്ചു കൊടുക്കുന്ന ഉത്തരവാദിത്വങ്ങൾ ആണ് അവർ ചെയ്യേണ്ടിയിരുന്നത്.

10. ഇടവകയിൽ സ്ത്രീകൾ വളരെ പ്രാധാന്യം ഉള്ളവർ ആയിരുന്നു. അവർ സഭയിലെ വലിയ പ്രവർത്തകരോടൊത്തു സേവിച്ചിരുന്നു (ഫിലി. 4:3). ചില നിയന്ത്രണങ്ങൾ സ്ത്രീകളിൽ വെച്ചിരുന്നു. സ്ത്രീകളുടെ പങ്കിനെക്കുറിച്ചു പൗലൊസ് എന്തു പറഞ്ഞു? [1 കൊരി. 14:34, 35; 1 തിമൊ. 2:10-12 വായിക്കുക.] സ്ത്രീകളിൽ വെച്ചിരുന്ന നിയന്ത്രണങ്ങൾ *എന്തായി*രുന്നു? [വിട്ട വരിയിൽ "നിശബ്ദരായിരിക്കണം" എന്നെഴുതുക.]

എല്ലാ ക്രിസ്ത്യാനികൾക്കും നിയന്ത്രണങ്ങൾ ഉണ്ട്, എല്ലാവരും ഒരേ രീതിയിൽ അല്ല സേവിക്കുന്നത് (1 കൊരി. 12:28, 29). അദ്ധ്യക്ഷന്മാരായി സേവനം നടത്തിയിരുന്നതു നിയമിക്കപ്പെട്ട കുറച്ചുപേർ മാത്രമായിരുന്നു, എല്ലാവരും സുവിശേഷകന്മാരോ, അല്ലെങ്കിൽ ശുശ്രൂഷകന്മാരോ, അല്ലെങ്കിൽ ഉപദേഷ്ടാക്കന്മാരോ ആയിരുന്നില്ല. *രണ്ടു* നിയന്ത്രണങ്ങൾ *മാത്രം* ഒഴിച്ചാൽ മറ്റെല്ലാ നിലയിലും സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം പ്രവർത്തിക്കാം: അവർ സഭായോഗങ്ങളിൽ നേതൃത്വം എടുക്കാവുന്നതല്ല, അല്ലെങ്കിൽ അവരെ ഇടവകയിൽ അദ്ധ്യക്ഷന്മാരായി നിയമിക്കാവുന്നതല്ല. അവർക്കു വീടുകളിൽ കുട്ടികളുമായി ബന്ധപ്പെട്ടിരിക്കേണ്ടതുകൊണ്ടു, സഭയിൽ പുരുഷന്മാർക്കുള്ളതുപോലെയുള്ള സ്വാധീനം കുട്ടികളിൽ ചെലുത്തുവാൻ കഴിയും. മക്കളെ പ്രസവിച്ചു വളർത്തുന്നതിലൂടെ (1 തിമൊ. 2:15) ഒരു സ്ത്രീ എന്ന നിലയ്ക്ക്, പുരുഷന്മാർക്കു നല്കാത്ത മഹത്വകരമായ സേവനമാണുള്ളത്.

11. അപ്പൊസ്തലന്മാരും, പ്രവാചകന്മാരും മുഖേന കിട്ടിയ നിർദ്ദേശങ്ങളാൽ നയിക്കപ്പെടേണ്ടവരായിരുന്നു അംഗങ്ങൾ. അവർ തങ്ങളുടെ ഇടവകയിലെ അദ്ധ്യക്ഷന്മാരോടു എങ്ങനെ പ്രതികരിക്കേണ്ടിയിരുന്നു?

[എബ്രാ. 13:17 വായിക്കുക.] അവർക്കു മുകളിലുള്ളവരോടു അവർ *എങ്ങനെ* പ്രതികരിക്കേണ്ടിയിരുന്നു? [വിട്ടവരിയിൽ "അനുസരിക്കുക" എന്നെഴുതുക. *പുറകിലെ* ചതുരത്തിൽ "അംഗങ്ങൾ" എന്നെഴുതുക. നോക്കുക പേജ് 189.] യേശു പഠിപ്പിച്ച ജീവിതവും ആരാധനയുമാണ് അദ്ധ്യക്ഷന്മാർ അവർക്കു നിർദ്ദേശിച്ചു കൊടുക്കേണ്ടിയിരുന്നത്. ഇടവക അതിന്റെ ആത്മിയ സഹായത്തിനു അതിലെ അദ്ധ്യക്ഷന്മാരോടു ഉടനെ പ്രതികരിക്കുന്നവരായിരുന്നു.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? നാം പഠിച്ചതു സഭ സംഘടിപ്പിക്കുമ്പോൾ, സഭയ്ക്കു എല്ലാം മുകളിൽ യേശുവാണ് തലയായുള്ളതു എന്നാണ്. സഭയ്ക്കു പിൻപറ്റേണ്ട ആവശ്യമുള്ള എല്ലാ നിർദ്ദേശങ്ങളും, യേശു പുതിയ നിയമത്തിലെ പ്രവാചകന്മാരിലൂടെയും അപ്പൊസ്തലന്മാരിലൂടെയും നല്കിയിട്ടുണ്ട്. യേശുവിന്റെയും, അപ്പൊസ്തലന്മാരുടെയും, പ്രവാചകന്മാരുടെയും, സഭയിലെ ഔദ്യോഗിക പദവികൾ സ്ഥിരമായിരുന്നു, അവയ്ക്കൊന്നും പിന്തുടർച്ചാവകാശികൾ ഇല്ല, അതായതു., അവർക്കു പകരമായി മറ്റാരുമില്ല. വാസ്തവത്തിലുള്ള അപ്പൊസ്തലന്മാരും പ്രവാചകന്മാരും സഭയിൽ സേവിച്ചിരുന്നതു യേശു സ്വർഗ്ഗാരോഹണം ചെയ്ത ഉടനെ ഉണ്ടായിരുന്നവരാണ്, അവർ മുഖാന്തരമാണ് യേശു പുതിയ നിയമം നല്കിയത്. യേശുവിന്റെ ഇഷ്ടം എന്തെന്നറിയുവാൻ സഭ അവരിലേക്കു നോക്കണം, അവർ അതു ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്നു (യൂദാ. 3). യേശു ഏർപ്പെടുത്തിയ രീതിയിൽ സംഘടിപ്പിച്ച സഭയിൽ യേശുവിന്റെ പ്രവൃത്തി ചെയ്യുവാൻ പരിശ്രമിക്കുന്നവരാണ് ക്രിസ്തുവിന്റെ സഭയിലുള്ള ആളുകൾ.

## IV. അദ്ധ്യക്ഷന്മാരുടെ എണ്ണം

1. ഇടവകകളിൽ മൂപ്പന്മാരാണ് അദ്ധ്യക്ഷന്മാർ എന്നു മുൻപുള്ള പാഠത്തിൽ നാം പഠിക്കുകയുണ്ടായി. ഓരോ ഇടവകകളിലും *ഒരു* മൂപ്പനാണോ (ഇടയൻ, അദ്ധ്യക്ഷൻ) അതോ *അസംഖ്യം* മൂപ്പന്മാരോ? [പ്രവൃത്തികൾ 14:23; തിത്തൊ. 1:5 വായിക്കുക.] ഓരോ ഇടവകയിലും തിരഞ്ഞെടുത്തിരുന്നതു *ഒരു* മൂപ്പനെ *മാത്ര*മായിരുന്നോ, അതോ ഒന്നിലധികം പേരെയാണോ തിരഞ്ഞെടുത്തിരുന്നത്? [വിട്ട വരിയിൽ "മൂപ്പന്മാർ" എന്നെഴുതുക.] *മൂപ്പന്മാരെ* തിരഞ്ഞെടുത്തു എന്നു പറയുന്നതിന്റെ സൂചന ഇടവകകളിലെല്ലാം ഒന്നിലധികം മൂപ്പന്മാർ ഉണ്ടായിരുന്നു എന്നാണ്.

2. സംഘടിപ്പിച്ചശേഷമുള്ള സഭകളെ കുറിച്ചു പ്രവൃത്തികളുടെ പുസ്തകം പറയുന്നു. ഇടവകകൾക്കു *ഓരോ* മൂപ്പൻ ഉണ്ടായിരുന്നു എന്നാണോ പറഞ്ഞിരിക്കുന്നത്? [പ്രവൃത്തികൾ 15:2; 20:17; ഫിലി. 1:1 വായിക്കുക.] ഇടവകകൾക്കു ഒരു മൂപ്പനാണോ അതോ മൂപ്പന്മാർ *ആണോ* ഉണ്ടായിരുന്നത്? [വിട്ട വരിയിൽ "മൂപ്പന്മാർ" എന്നെഴുതുക.]

ഈ ഭാഗത്തു നാം എന്തു പഠിച്ചു? കർത്താവിന്റെ ഇടവകകളിൽ ഒരു മനുഷ്യന്റെ പങ്കു മാത്രം പരിശീലിക്കുന്നതായിരുന്നില്ല. ഇടവകകളുടെ കാര്യങ്ങൾ ഒരു മനുഷ്യൻ മാത്രം നോക്കിയിരുന്നില്ല. ഓരോ ഇടവകക്കും, രണ്ടോ മൂന്നോ നിയമിക്കപ്പെട്ട മൂപ്പന്മാരുണ്ടായിരുന്നു, അതു തെളിയിക്കുന്നതെന്തെന്നാൽ ഒരു ഇടവകയ്ക്ക് "ദ എൽഡർ" (ഒരു

മൂപ്പൻ) എന്നു ഒരിക്കലും പറഞ്ഞിട്ടില്ല, എന്നാൽ പകരം എല്ലായ്പ്പോഴും പറഞ്ഞിരിക്കുന്നതു ഇടവകയിലെ "ദ എൽഡേഴ്സ്" എന്നാണ്.

### V. യോഗ്യതകൾ

സഭയുടെ വിവിധ ഔദ്യോഗിക പദവികളിൽ ആർക്കും സേവനം നടത്താമോ, അല്ലെങ്കിൽ അതിനു യോഗ്യതകൾ ആവശ്യമായിരുന്നോ? [താഴെയുള്ള 1 മുതൽ 5 വരെയുള്ള തിരുവെഴുത്തുകൾ വായിക്കുക: പ്രവൃത്തികൾ 1:21, 22; 1 തിമൊ. 3:1–7; തിത്തൊ. 1:5–9; 1 തിമൊ. 3:8–13; 2 തിമൊ. 2:24, 25; 1 പത്രൊ. 4:11.] ഓരോ പ്രാവശ്യവും തിരുവെഴുത്തുകൾ *പരിശോധിക്കുക*. ഈ വിവിധ ഔദ്യോഗിക പദവികളിൽ ഒരാൾ സേവിക്കുന്നതിനുമുൻപു നിയന്ത്രണങ്ങളും യോഗ്യതകളും ബഹുമാനിക്കേണ്ടതായുണ്ടോ? [വിട്ട *ഓരോ* വരിയിലും "ഉണ്ട്" എന്നെഴുതുക.] [ഓരോ ഔദ്യോഗിക പദവിയുടെയും യോഗ്യതകൾ വിശദീകരിക്കുകയല്ല ഈ ഭാഗത്തിന്റെ ലക്ഷ്യം. അതു മറ്റൊരു സമയത്തു ചെയ്യാം. ഈ ഉത്തരവാദിത്വങ്ങൾ ഏതൊരു ക്രിസ്ത്യാനിക്കും വഹിക്കാവുന്നതല്ല എന്നു പഠിക്കുന്നയാളെ മനസ്സിലാക്കി കൊടുക്കുകയാണ് ലക്ഷ്യം.]

ഈ ഭാഗത്തു നാം എന്തു പഠിച്ചു? ഇടവകകളിൽ വിവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിപ്പാൻ നിയമിക്കപ്പെട്ടവർ ആ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നതിനു മുൻപു തങ്ങൾക്കു അതു നിർവ്വഹിക്കുവാനുള്ള യോഗ്യതകൾ വേണമായിരുന്നു എന്നാണ് നാം പഠിച്ചത്.

### ചുരുക്കം

സഭയുടെ *ഏക* അധികാരം യേശുവിൽ നിക്ഷിപ്തമാണ് എന്ന ഒരു കാര്യം ഈ പാഠത്തിൽ നാം മനസ്സിലാക്കിയിരിക്കണം. അവനാണ് സഭയുടെ തല. സഭ, എങ്ങനെ സംഘടിപ്പിച്ചു പ്രവർത്തിക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നതു യേശുവാണ്.

I. *ക്രിസ്തുവിന്റെ സഭയിൽ എന്തെല്ലാം ഔദ്യോഗിക പദവികളാണുള്ളത്?* യേശു തലയാണ്. അവന്റെ കീഴിൽ അപ്പൊസ്തലന്മാരും, പ്രവാചകന്മാരും, സുവിശേഷകന്മാരും, ഇടയന്മാരും, ഉപദേഷ്ടാക്കന്മാരും സേവിച്ചിരുന്നു.

II. *ആ ഔദ്യോഗിക പദവികളുടെ ഉദ്ദേശം എന്തായിരുന്നു?* സഭയെ പണിതു പക്വതയിലെത്തിച്ചു, അങ്ങനെ യേശുവിനു പരമാവധി സേവനം നടത്തുക എന്നതായിരുന്നു ലക്ഷ്യം.

III. *ഈ ഔദ്യോഗിക പദവികളുടെ ഉത്തരവാദിത്വങ്ങൾ എന്തായിരുന്നു?* യേശു നിയമദാതാവായിരുന്നു. സഭ പിൻപറ്റേണ്ട നിർദ്ദേശങ്ങൾ അവൻ അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖേന നല്കി. എല്ലാ ഇടവകയും ഈ രീതിയിലായിരുന്നു നോക്കേണ്ടിയിരുന്നത്.

പ്രാദേശിക ഇടവകയിലെ സുവിശേഷകന്മാർ, ഉപദേഷ്ടാക്കന്മാർ, ശുശ്രൂഷകന്മാർ, സ്ത്രീകൾ, അംഗങ്ങൾ എന്നിവരെ യേശുവിന്റെ സേവനത്തിനു മൂപ്പന്മാർ അവരെ നയിക്കണം. മൂപ്പന്മാർ ഇടവകയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു അംഗങ്ങളുടെ ആത്മിയ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്തിരുന്നു (എബ്രാ. 13:17).

താൻ അംഗമായിരിക്കുന്ന ഇടവകയിൽ ഓരോ അംഗത്തിനും നിർവ്വഹിക്കേണ്ട പങ്കുണ്ട്. എല്ലാവരും ഒരേ രീതിയിൽ സേവനം നടത്തുന്നില്ല.

IV. *ഓരോ സഭയിലും മേൽനോട്ടം നടത്തുന്നവർ (മൂപ്പന്മാർ, അദ്ധ്യക്ഷന്മാർ, ഇടയന്മാർ) ഉണ്ട്?* ഓരോ ഇടവകക്കും ഒന്നിലധികം അദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നു. എല്ലാ ഇടവകകൾക്കും, അതിന്റേതായ മൂപ്പന്മാർ, അതിന്റേതായ നടത്തുന്നവർ ഉണ്ടായിരുന്നു, അതായതു., അദ്ധ്യക്ഷന്മാരും, ഇടയന്മാരും, അവർ മാനുഷിക കേന്ദ്രത്തിന്റെയോ തലസ്ഥാനത്തിന്റെയോ നിയന്ത്രണം അനുസരിച്ചല്ല പ്രവർത്തിക്കുന്നത്.

V. *ഈ ഔദ്യോഗിക പദവികളിൽ സേവനം നടത്തുന്നതിനു മുൻപു അവർക്കു ചില യോഗ്യതകൾ ഉണ്ടാകേണ്ടതുണ്ടോ?* ഇടവകകളിൽ ഉത്തരവാദിത്വം നടത്തുവാൻ നിയോഗിക്കുന്നവർ അതിനുമുൻപായി നിശ്ചിത യോഗ്യതകൾ ഉള്ളവരായി കാണപ്പെട്ടിരുന്നു.

സഭയ്ക്കുമേലുള്ള അധികാരം യേശുവിനു മാത്രമാണെന്നു നാം തിരുവെഴുത്തു പഠിപ്പിച്ചതു വ്യക്തമായി കണ്ടു. മറ്റാർക്കും ഒരവകാശവുമില്ല. മനുഷ്യരുടെ കല്പനകൾ അല്ല, *യേശു* കല്പിച്ചതു “ഒക്കെയും പ്രമാണിക്കുവാൻ” ആണ് അവന്റെ അനുയായികളോടു നിർദ്ദേശിച്ചത് (മത്താ. 28:20).

ആരാധനയിൽ നാം എന്തു ഉപയോഗിച്ചുകാണുവാനാണ് യേശു ആഗ്രഹിക്കുന്നത് എന്നു നമുക്കു അടുത്ത പാഠത്തിൽ പഠിക്കാം.

[പഠിക്കുന്ന ആളുമായി അടുത്ത പഠനം ഏർപ്പാട് ചെയ്യുക.]

---

***സഹോദരന്മാരെ സംബന്ധിച്ചു***

ജോൺ വെസ്ലി ജോർജിയയിലെ, സാവന്നയിലേക്കു ചെന്നപ്പോൾ, അവിടെ 518 ആളുകൾ ഉണ്ടായിരുന്നു. അവരിൽ ധനവാന്മാരും, ഇന്ത്യക്കാരും, അടിമകളും, ദരിദ്രരും ഉണ്ടായിരുന്നു. വെസ്ലി ആദ്യമായി പ്രസംഗിച്ച ഞായറാഴ്ച്ച ചെരിപ്പു ധരിക്കാതെ വന്ന ചിലരെ അദ്ദേഹം കണ്ടു. പിന്നീടു, അദ്ദേഹം അടുത്ത ഞായറാഴ്ച്ചയും, പിന്നീടുള്ള ഞായറാഴ്ച്ചകളിലും ജോർജിയയിൽ ആയിരുന്ന സമയത്തു വെസ്ലി പ്രസംഗിക്കുവാൻ കയറിയതു ഷൂസു ധരിക്കാതെയായിരുന്നു.

എൽബർട്ട് ഹബ്ബാർഡ്
*ലിറ്റിൽ ജേർണീസ്, ടു ദ ഹോംസ് ഓഫ്*
*ഗ്രെയിറ്റ് റിഫോർമേഴ്സ്*

***നമുക്കു മുൻപു മറ്റുള്ളവർ***

കർത്താവിന്റെ പ്രാർത്ഥനയിൽ നിങ്ങൾക്ക്
ഒരിക്കലും "ഞാൻ" എന്നു പറയുവാനായില്ല.
"എന്റെ" എന്നു പറഞ്ഞു നിങ്ങൾക്ക്
ഒരിക്കലും കർത്താവിന്റെ പ്രാർത്ഥന
ചൊല്ലുവാൻ സാധ്യമല്ല.
കാരണം ഓരോ അപേക്ഷയിലും അതിന്റെ
ആരംഭം മുതൽ അവസാനം വരെ,
മറ്റുള്ളവർ ഉൾപ്പെട്ടിരിക്കുന്നു.
"എനിക്ക്" എന്നു അതു ഒരിക്കലും പറയുന്നില്ല.

അജ്ഞാത ലേഖകൻ

***യേശുവിന്റെ നർമ്മം***

ആരോ ചോദിച്ചു, "യേശു എപ്പോഴെങ്കിലും ചിരിച്ചിട്ടുണ്ടോ?"

മറ്റൊരാൾ ഉത്തരം പറഞ്ഞു, "എനിക്കറിഞ്ഞുകൂടാ, എന്നാൽ ഞാൻ എവിടെ ആയിരിക്കുമോ അവിടെ അവൻ എന്നെ ഉറപ്പിച്ചിരിക്കുന്നു!"

***വ്യക്തിപരമായ ബന്ധത്തിന്റെ വില***

വർഷങ്ങൾക്കു മുൻപു, ഒരു യുവാവു തന്റെ കാമുകിയെ വിവാഹം കഴിക്കുവാൻ പോയി. അയാൾ അല്പം ലജ്ജാശീലമുള്ളവനായിരുന്നതുകൊണ്ട്, ഓരോ ദിവസവും മുടക്കം കൂടാതെ ഓരോ പ്രണയ ലേഖനം ആലോചനക്കായി അയച്ചു. അവസാനം, മൂന്നാഴ്ച്ചക്കുശേഷം, അയാളുടെ കാമുകി വിവാഹിതയായി; എന്നാൽ അവൾ പോസ്റ്റുമാനെയാണ് വിവാഹം കഴിച്ചതു!

© 2009 Truth for Today